(ബി) നടപ്പ് സാമ്പത്തിക വർഷം പദ്ധതിക്കായി എത്ര തുക അനുവദിച്ചു എന്നും അതിൽ എത്ര തുക ചെലവഴിച്ചു എന്നും വ്യക്തമാക്കാമോ ;

(സി) പണിയെടുത്ത തൊഴിലാളികൾക്ക് കൂടിശ്ശിക ഇനത്തിൽ എത്ര തുക കൊടുത്തു തീർക്കാനുണ്ടെന്ന് പറയാമോ ?

ഉത്തരം

(എ) അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി പ്രകാരം നഗരപ്രദേശങ്ങളിൽ ഇതുവരെ 82,835 കുടുംബങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. അതിൽ 25,837 കുടുംബങ്ങൾക്ക് തൊഴിൽ ലഭ്യമാക്കിയിട്ടുണ്ട്.

(ബി) നടപ്പ് വർഷം 30 കോടി രൂപ സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തിയതിൽ 4.79 കോടി രൂപ ഇതിനകം ചെലവഴിച്ചിട്ടുണ്ട്.

(സി) പണിയെടുത്ത തൊഴിലാളികൾക്ക് കൂടിശ്ശിക ഇനത്തിൽ 12,03,000 രൂപ കൊടുത്തു തീർക്കാനുണ്ട്.

നാഷണൽ അർബൻ ഹെൽത്ത് മിഷൻ

80 (3364) ശ്രീ. ഹൈബി ഈഡൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :,

(എ) സംസ്ഥാനത്ത് ആരോഗ്യ വകുപ്പ് നടപ്പിലാക്കുന്ന നാഷണൽ അർബൻ ഹെൽത്ത് മിഷൻ (എൻ. യു. എച്ച്. എം.) പരിപാടിയിൽ, നഗര വികസന വകുപ്പിന് എന്തെങ്കിലും പങ്കാളിത്തമുണ്ടോ ; സംസ്ഥാനത്തെ ഏതെല്ലാം നഗരസഭകളിലാണ് എൻ.യു.എച്ച്.എം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് ;

(ബി) എൻ.യു.എച്ച്.എം. പരിപാടി നടപ്പിലാക്കുന്നത് സംബന്ധിച്ച് നഗരകാര്യ വകുപ്പും ആരോഗ്യ വകുപ്പും തമ്മിൽ കൂടിയാലോചനകൾ നടത്തിയിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ;

(സി) തിരുവനന്തപുരം കോർപ്പറേഷനിൽ ഏതെല്ലാം സ്ഥലങ്ങളിലാണ് എൻ.യുഎച്ച്.എം. സെന്ററുകൾ തുടങ്ങുന്നത്. ഏതെങ്കിലും സെന്ററുകൾ ആരംഭിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ നല്കാമോ ; ഇവിടുത്തെ ജീവനക്കാരെ ആരാണ് നിയമിക്കുന്നത് ;

(ഡി) നിലവിൽ തിരുവനന്തപുരം കോർപ്പറേഷന്റെ ഹെൽത്ത് വിഭാഗത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന മാതൃ-ശിശു കേന്ദ്രങ്ങളിൽ(സി.ഡബ്ല്യു.സി), എൻ. യു. എച്ച്.എം. ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) എങ്കിൽ അവിടെ ഇപ്പോൾ പ്രവർത്തിക്കുന്ന സി.ഡബ്ല്യു.സി.-കളുടെയും അവിടുത്തെ ജീവനക്കാരുടെ തുടർപ്രവർത്തനങ്ങൾ സംബന്ധിച്ചും എന്തെങ്കിലും മാർഗ്ഗനിർദ്ദേശങ്ങൾ നല്കിയിട്ടുണ്ടോ ;

(എഫ്) ഇല്ലെങ്കിൽ, നഗരസഭകളുടെ കീഴിൽ പ്രവർത്തിക്കുന്ന മാതൃ-ശിശു കേന്ദ്രങ്ങളുടെ പ്രവർത്തനത്തിന് തടസ്സമുണ്ടാകാത്തവിധം, എൻ.യു.എച്ച്.എം. സെന്ററുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്. നിലവിൽ തിരുവനന്തപുരം നഗരസഭയിൽ പദ്ധതി നടപ്പിലാക്കുന്നുണ്ട്. കൊല്ലം, കൊച്ചി, തൃശ്ശൂർ, കോഴിക്കോട് എന്നീ കോർപ്പറേഷനുകളിലും, ആലപ്പുഴ, കോട്ടയം, പാലക്കാട്, മഞ്ചേരി, നെയ്യാറ്റിൻകര, കണ്ണൂർ, തൊടുപുഴ, പത്തനംതിട്ട, കൽപറ്റ, കാസർഗോഡ് എന്നീ നഗരസഭകളിലും 2013-14 വർഷം പദ്ധതി നടപ്പിലാക്കാൻ തെരഞ്ഞെടുത്തിട്ടുണ്ട്. 2014-15 വർഷം നെടുമങ്ങാട്, കരുനാഗപ്പള്ളി, കായംകുളം, ചങ്ങനാശ്ശേരി, കൊടുങ്ങല്ലൂർ, ചാലക്കുടി, ഷൊർണൂർ, ഒറ്റപ്പാലം, കൊയിലാണ്ടി, വടകര, മലപ്പുറം, പെരിന്തൽമണ്ണ, പൊന്നാനി, തിരൂർ, കോട്ടയ്ക്കൽ, പയ്യന്നൂർ, തളിപ്പറമ്പ്, തലശ്ശേരി, കാഞ്ഞങ്ങാട്, തൃപ്പൂണിത്തുറ, കളമശ്ശേരി, തൃക്കാക്കര എന്നീ നഗരസഭകളിലും പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

(ബി) ഈ വിഷയം സംബന്ധിച്ച് ആരോഗ്യ കുടുംബക്ഷേമ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി 24-6-2014-ൽ വിളിച്ചുചേർത്ത യോഗത്തിൽ നഗരകാര്യ വകുപ്പ് ഉദ്യോഗസ്ഥർ പങ്കെടുത്തിട്ടുണ്ട്.

(സി) തിരുവനന്തപുരം നഗരസഭയിൽ ചാക്ക, ചാല, ജഗതി എന്നിവിടങ്ങളിൽ സെന്ററുകൾ ആരംഭിച്ചിട്ടുണ്ട്. നന്തൻകോട്, കണ്ണമ്മൂല, കളിപ്പാൻകുളം, വട്ടിയൂർക്കാവ്, തൃക്കണ്ണാപുരം, കര്യാത്തി, ആറന്നൂർ, അമ്പലത്തറ, സെക്രട്ടേറിയറ്റ് എന്നിവിടങ്ങളിൽ സെന്ററുകൾ തുടങ്ങുവാൻ ഉദ്ദേശിക്കുന്നുണ്ട്. എൻ.യു.എച്ച്.എം. ജില്ലാ പ്രോജക്ട് മാനേജരാണ് ജീവനക്കാരെ നിയമിക്കുന്നത്.

(ഡി) ഉണ്ട്.

(ഇ) ഉണ്ട്. ജെ.പി.എച്ച്.എൻ.-മാർക്കും, ഫീമെയിൽ അറ്റൻഡർമാർക്കും ടി സെന്ററുകളിൽ തന്നെ പ്രവർത്തിക്കുന്നതിന് പ്രത്യേക സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്.

(എഫ്) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly